<u>15 -ാം കേരള നിയമസഭ</u>

<u>16 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 948</u> <u>02-02-2026 - ൽ മറുപടിയ്ക്ക്</u>

<u>മണലൂർ മണ്ഡലത്തിലെ ഐശ്വര്യ ഗ്രാമം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അടിസ്ഥാന വികസനത്തിനായി ഐശ്വര്യഗ്രാമം എന്ന പേരിൽ പദ്ധതി നടത്തുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എന്നുമുതലാണ് പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വന്നതെന്നും എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കാവുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് ഐശ്വര്യഗ്രാമം എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് 06.11.2025 തീയതിയിലെ സ.ഉ(സാധാ)നം.899/2025/SCSTD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിൽ സംസ്ഥാനത്ത് ആകെ 80 ഗ്രാമങ്ങൾ നടപ്പ് വർഷം തെരഞ്ഞെടുക്കുന്നതിന് ജില്ലാതലത്തിൽ ഭൗതിക ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട് .<br><br>അടിസ്ഥാന സൗകര്യ വികസനത്തിൽ പ്രത്യേക പരിഗണന ആവശ്യമുള്ള ഉന്നതികളിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി നടപ്പിലാക്കാവുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു<br><br><u>1. സുരക്ഷിതമായ കുടിവെള്ളം:-</u> പൈപ്പ് ജല കണക്ഷനുകൾ, കമ്മ്യൂണിറ്റി കിണറുകൾ, ശുദ്ധജല വിതരണം,, കുഴൽക്കിണറുകൾ, പൊതു ജലവിതരണ പൈപ്പ്/ ടാപ്പ് കുടിവെള്ളത്തിനുള്ള സുരക്ഷിതവും സുസ്ഥിരവുമായ സ്രോതസ്സുകൾ സ്ഥാപിക്കുക.<br><br><u>2. വൈദ്യുതി</u> :- തെരുവ് വിളക്കുകളുടെ സ്ഥാപനം, വൈദ്യുത പോസ്റ്റ് ലൈൻ, വ്യക്തിഗത വൈദ്യുത കണക്ഷനുകൾ, വീടുകളുടെ വയറിംഗ് തുടങ്ങിയവ.<br><br><u>3. മാലിന്യ നിർമ്മാർജനം</u> :- വെള്ളം കെട്ടിനിൽക്കുന്നത് തടയുന്നതിനും പരിസ്ഥിതി ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും മതിയായ ഡ്രെയിനേജ് സൗകര്യങ്ങൾ, മലിനജല സംസ്കരണ സംവിധാനം, പൊതുസ്ഥലം കണ്ടെത്തി സോക്പിറ്റ് |

| | | | |
|---|---|---|---|
| | | | (sockpit) സ്ഥാപിക്കുക, ഖരമാലിന്യ സംസ്കരണം, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ.<br><br><u>4. റോഡ് കണക്റ്റിവിറ്റി</u>:- നഗറുകൾക്കുള്ളിലെ റോഡുകളുടെയും ഫുട്പാത്തുകളുടെയും നിർമ്മാണം / അറ്റകുറ്റപ്പണികൾ, പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തൽ.<br><br><u>5. ശുചിത്വ സൗകര്യങ്ങൾ:-</u> വ്യക്തിഗത ഗാർഹിക ശുചിമുറികൾ, മറ്റ് ശുചിത്വ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണവും നവീകരണവും നിലവിലുള്ള ശ്മശാനങ്ങളുടെ നവീകരണവും.<br><br><u>6. ഇന്റർനെറ്റ് കണക്റ്റിവിറ്റി:-</u> ഇന്റർനെറ്റ് ആക്സസ് പോയിന്റുകൾ / കമ്മ്യൂണിറ്റി വൈ-ഫൈ, വിജ്ഞാൻവാടികളിലെ ഇന്റർനെറ്റ് സ്ഥാപനം, കെ-ഫോൺ സംവിധാനം.<br><br>7. നഗറുകളിലെ പഴക്കമുള്ള വീടുകളുടെ അടിയന്തര അറ്റകുറ്റപ്പണി/അടുക്കള നവീകരണം (സേഫ് പദ്ധതി മാർഗ്ഗരേഖ പ്രകാരം)<br><br>8. വീടുകളുടെ/നഗറുകളുടെ സംരക്ഷണഭിത്തി (അപകടാവസ്ഥയിലുള്ള സ്ഥിതിയിൽ മാത്രം)<br><br>9. നഗറുകൾക്കുള്ളിലെ പരമ്പരാഗത ആരാധനാ ഇടങ്ങളുടെ പുനരുദ്ധാരണം. |
| (സി) | പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ; | (സി) | അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്താൻ കഴിയാത്തതും 15 കുടുംബങ്ങളിൽ താഴെ പട്ടികജാതി കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്നതും 5 കുടുംബങ്ങളെങ്കിലും ഉള്ളതുമായ പ്രദേശങ്ങളുടെ സമഗ്ര വികസനമാണ് ഐശ്വര്യ ഗ്രാമം പദ്ധതി ലക്ഷ്യമിടുന്നത്. |
| (ഡി) | മണലൂർ മണ്ഡലത്തിൽ നിന്നും ഈ പദ്ധതിയിലേക്ക് നിർദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | ചൊവ്വന്നൂർ ബ്ലോക്ക് പരിധിയിലുള്ള ചൂണ്ടൽ പഞ്ചായത്തിലെ തലക്കോട്ടുകര എ.കെ.ജി നഗറിനെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട് . |
| (ഇ) | മണലൂർ മണ്ഡലത്തിലെ ഐശ്വര്യ ഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | (ഇ) | ഐശ്വര്യഗ്രാമം പദ്ധതിയിലെ ഗ്രാമങ്ങളുടെ തെരഞ്ഞെടുപ്പ് നടപടി പൂർത്തിയായിട്ടില്ല |

സെക്ഷൻ ഓഫീസർ